**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1091** **14.01.2021 ൽ മറുപടിയ്ക്ക്**

**ലഹരി ഉപയോഗം തടയുന്നതിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഷാഫി പറമ്പിൽ | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ക്യാമ്പസ്സുകളിലും സ്കൂളുകളിലും ലഹരി ഉപയോഗം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് തടയുന്നതിന് എക്സൈസ് വകുപ്പ് സ്വീകരിച്ചിട്ടുള്ള പദ്ധതികളും നടപടികളും വിശദമാക്കാമോ? | (എ) | വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ക്യാമ്പസ്സുകളിലും സ്കൂളുകളിലും ലഹരി ഉപയോഗം തടയുന്നതിനായി എക്സൈസ് വകുപ്പ് സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും ഒരു എക്സൈസ് ഉദ്യോഗസ്ഥനെ വീതം ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ ഉദ്യോഗസ്ഥർ സ്കൂളുകളും, കോളേജുകളും സന്ദർശിച്ച് ലഹരിവിരുദ്ധ ക്ലബ്ബുകൾ, പി.റ്റി.എ., സ്കൂൾ സംരക്ഷണ സമിതികൾ എന്നിവയുമായി ബന്ധപ്പെട്ട് ലഹരി ഉപയോഗം സംബന്ധിച്ച വിവരശേഖരണം നടത്തി ആവശ്യമായ പ്രതിരോധ നടപടികളും, നിയമ നടപടികളും സ്വീകരിച്ച് വരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലുള്ള കച്ചവട സ്ഥാപനങ്ങളിൽ പുകയില ഉൽപ്പന്നങ്ങൾ ഉൾപ്പെടെയുള്ള ലഹരി വസ്തുക്കൾ ഇല്ലായെന്ന് ഉറപ്പ് വരുത്തുന്നതിനായി ആവശ്യമായ പരിശോധനകൾ നടത്തിവരുന്നു. സ്കൂൾ/കോളേജ് പരിസരങ്ങളിൽ പട്രോളിംഗ് നടത്തി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുന്നതിനോടൊപ്പം ലഹരി വിരുദ്ധ ക്ലബ്ബുകളുമായി സഹകരിച്ച് പരിശീലനം ലഭിച്ച |

| | | | |
|---|---|---|---|
| | | | എക്സൈസ് ഉദ്യോഗസ്ഥർ ലഹരിക്കെതിരെയുള്ള ബോധവൽക്കരണ ക്ലാസ്സുകളും നൽകിവരുന്നു. ഓൺലൈൻ മുഖേനയും അല്ലാതെയും എല്ലാ ജില്ലകളിലും ലഹരി വിരുദ്ധ ബോധവൽക്കരണവുമായി ബന്ധപ്പെട്ട വെബിനാറുകളും ക്ലാസ്സുകളും സംഘടിപ്പിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ